.No/450/2022/SRG/LSGD/CC/(3)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ന നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്

**4.2 ലേബർ കോൺട്രാക്റ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി**

**ബഹു.കുന്നമംഗലം എം.എൽ.എയുടെ 04.06.2022 ലെ K-286/2022-ാം നമ്പർ കത്തും കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്റ്റ് കൺസ്ട്രക്ഷൻ കോഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും 02.06.2022 ലെ കത്തും (SRG 568/22)**

ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ടെണ്ടറിൽ പങ്കെടുക്കുമ്പോൾ 10 ശതമാനം പ്രൈസ് പ്രിഫറൻസ് ആനുകൂല്യം ലഭിക്കുന്നുണ്ട്. എന്നാൽ **Public Works (H) Department**ന്റെ 19.02.2022 ലെ 6/2022/**PWD** ഉത്തരവ് സംബന്ധിച്ച് അവ്യക്തത ഉള്ളതിനാൽ **PWD** ലൈസൻസ് ഉള്ള സൊസൈറ്റികൾക്കും ലൈസൻസ് ഇല്ലാത്ത സൊസൈറ്റികൾക്കും 10 ശതമാനം പ്രൈസ് പ്രിഫറൻസ് ആനുകൂല്യം ലഭിക്കുന്നില്ല എന്നറിയിച്ചിരിക്കുന്നു. അതിനാൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ ടെണ്ടറിൽ പങ്കെടുക്കുന്ന പക്ഷം 10 ശതമാനം പ്രൈസ് പ്രിഫറൻസ് അനുവദിക്കുന്നതിന് (സ്വകാര്യ കോൺട്രാക്ടർമാർ ക്വോട്ട് ചെയ്യുന്ന ഏറ്റവും കുറഞ്ഞ നിരക്കിനേക്കാൾ 10 ശതമാനം വരെ അധിക നിരക്കിൽ പ്രവൃത്തി നൽകുന്നതിന് അനുമതി) നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** Public Works (H) Department ന്റെ 19.02.2022 ലെ GO (MS) നം 6/2022/PWD നമ്പർ ഉത്തരവ്, 29.07.2022 ലെ GO (MS) നം 21/2022/PWD നമ്പർ ഉത്തരവനുസരിച്ച് റദ്ദ് ചെയ്തിട്ടുണ്ട്. 29.07.2022 ലെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് **Kerala PWD**യുടെ അഥവാ സമാന പ്രവർത്തനമുള്ള സ്റ്റേറ്റ് / കേന്ദ്ര സർക്കാർ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കോൺട്രാക്ടർ ലൈസൻസ് എടുത്തുകൊണ്ട് വേണം **LCC** കൾ പ്രവൃത്തി ഏറ്റെടുക്കേണ്ടത്. ഈ ഉത്തരവിൽ പറഞ്ഞ പ്രകാരം നടപടി ക്രമങ്ങൾ പാലിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ നിർദ്ദേശിക്കുന്നു. ഈ വിഷയത്തിന്മേൽ ഇപ്പോൾ നിലനിൽക്കുന്ന മറ്റു സർക്കാർ ഉത്തരവനുസരിച്ചുള്ള പ്രൈസ് പ്രിഫറൻസിന് **LCC** കൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. **LCC** കൾക്ക് പ്രൈസ് പ്രിഫറൻസ് ലഭിക്കുന്നതിന് നിലവിലെ സർക്കാർ ഉത്തരവുകളിൽ പ്രതിപാദിക്കുന്ന മാനദണ്ഡം പാലിക്കുകയും രേഖകൾ ഹാജരാക്കുകയും വേണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി/ഡി.എ) വകുപ്പ്**